കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/139/2025-SEC തീയതി: 31-07-2026

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും &
ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് - സമയക്രമം, മാർഗ്ഗനിർദ്ദേശം എന്നിവ - സംബന്ധിച്ച്.

സൂചന:- 1. തിരഞ്ഞെടുപ്പ് കമ്മീഷന്റെ 28.10.2025 ലെ 54/2025/സം.തി.ക നമ്പർ വിജ്ഞാപനം.

2 . 20.07.2026 ലെ സ.ഉ.(സാധാ) നമ്പർ 1309/2026/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 53-ാം വകുപ്പ് പ്രകാരം, സർക്കാർ ഒരു ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും ജില്ലയ്ക്ക് മുഴുവനായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനും വേണ്ടി, ജില്ലാ തലത്തിൽ ഓരോ ജില്ലയ്ക്കും ഒരു ആസൂത്രണ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയിൽ 15 അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതും, അവരിൽ 12 അംഗങ്ങൾ ജില്ലാ തലത്തിലുള്ള പഞ്ചായത്തുകളിലേയും ജില്ലയിലെ മുനിസിപ്പാലിറ്റികളിലേയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കിടയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടേണ്ടതുമാണ്. ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെയും എണ്ണം (സംവരണസ്ഥാനങ്ങളുടെ എണ്ണം ഉൾപ്പെടെ) നിശ്ചയിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരമുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശത്തിലും മേൽനോട്ടത്തിലും

നിയന്ത്രണത്തിലുമായിരിക്കേണ്ടതാണ്. കമ്മീഷൻ, ജില്ലാ ആസൂത്രണകമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള വരണാധികാരികളായി അതാത് ജില്ലാ കളക്ടർമാരെ സൂചന 1 പ്രകാരം സ്ഥാന നിർദ്ദേശം ചെയ്തിട്ടുണ്ട്.

ഓരോ ജില്ലയിലും 2005-ലെ ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങൾ പ്രകാരവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുംവേണം പ്രസ്തുത തിരഞ്ഞെടുപ്പ് നടത്തേണ്ടത്. പ്രസ്തുത ചട്ടങ്ങളിലെ 7-ാം ചട്ടപ്രകാരം, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് ജില്ലാ പഞ്ചായത്ത്, ജില്ലയിലെ മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിലവിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ അംഗങ്ങളുടെയും കൗൺസിലർമാരുടെയും യോഗങ്ങൾ പ്രത്യേകം പ്രത്യേകം വിളിച്ച് ചേർക്കേണ്ടതാണ്. ഇപ്രകാരം തിരഞ്ഞെടുപ്പ് യോഗം വിളിച്ചുകൂട്ടുന്നതിനുള്ള തീയതിയും സമയവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചുവടെ ചേർക്കും വിധം നിശ്ചയിച്ചിട്ടുള്ളതാണ്. അതായത്;-

| | | | |
|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം | : | **2026 ആഗസ്റ്റ് 17 (തിങ്കളാഴ്ച) രാവിലെ 11 മണി** |
| 2 | ജില്ലയിലെ മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം | : | **2026 ആഗസ്റ്റ് 18 (ചൊവ്വാഴ്ച) രാവിലെ 11 മണി** |
| 3 | ജില്ലയിലെ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം (ബന്ധപ്പെട്ട ജില്ലകൾക്ക് മാത്രം) | : | **2026 ആഗസ്റ്റ് 19 (ബുധനാഴ്ച) രാവിലെ 11 മണി** |

(I) ആവശ്യമെങ്കിൽ മാത്രം ചേരേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം : **20/08/2026രാവിലെ 11 മണി**

(II) ആവശ്യമെങ്കിൽ മാത്രം ചേരേണ്ട മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം : **21/08/2026 രാവിലെ 11 മണി**

(III) ആവശ്യമെങ്കിൽ മാത്രം വീണ്ടും ചേരേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം : **22/08/2026 രാവിലെ 11 മണി**

മേൽപ്പറഞ്ഞ തീയതികളിലും സമയത്തും യോഗം കൂടുന്നതിനുള്ള സ്ഥലം നിശ്ചയിച്ച് വരണാധികാരി അംഗങ്ങൾക്ക് ചട്ടം 7(3)-ൽ പറഞ്ഞിരിക്കുന്ന പ്രകാരം നോട്ടീസ് നൽകേണ്ടതാണ്. വോട്ടു ചെയ്യാൻ അർഹരായ അംഗങ്ങളുടെ ലിസ്റ്റ് നേരത്തെ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്

കമ്മീഷൻ പുറപ്പെടുവിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

വിശ്വസ്തതയോടെ,

Digitally signed by
SAJEEV E P
Date: 31-07-2026
12:20:43

Sajeev EP
SECRETARY

പകർപ്പ് :

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

എല്ലാ ഡെപ്യൂട്ടി കളക്ടർ (ജനറൽ) & എ.ഡി.എം മാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്(അറിവിലേക്കായി)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(അറിവിലേക്കായി)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും.

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും,

പി.ആർ.ഒ. (വാർത്താക്കുറിപ്പ് നൽകുന്നതിനായി)

സ്റ്റാന്റിംഗ് കൗൺസിൽ

കമ്മീഷണറുടെ പി.എസ്., കമ്മീഷണറുടെ സി.എ.

സെക്രട്ടറിയുടെ സി.എ, ഫയൽ/സ്റ്റോക്ക്